## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 660    28.09.2016 ലെ മറുപടിയ്ക്ക്**

### പൊതുകുളങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ<br>,, റ്റി.വി.രാജേഷ്<br>,, കെ.ജെ.മാക്സി<br>,, യു.ആർ.പ്രദീപ് | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പൊതുകുളങ്ങൾ നാശോന്മുഖമായി തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടിവെള്ള സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ പൊതുകുളങ്ങൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്തും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാത്രമേ പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു. |
| (സി) മാലിന്യങ്ങൾ നിക്ഷേപിച്ചും മണ്ണിട്ട് നികത്തിയും നശിപ്പിക്കപ്പെടുന്ന കുളങ്ങളും തോടുകളും അരുവികളും സംരക്ഷിക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) കേരളത്തിലെ കുളങ്ങളും തോടുകളും അരുവികളും ഉൾപ്പെടെയുള്ള ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി 2003 ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ.